**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 500** **08-11-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ സംഭരണ ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സജീവ് ജോസഫ്** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2018, 2019 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ മണ്ണും ചെളിയും നിറഞ്ഞതുമൂലം വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ സംഭരണ ശേഷിയിൽ കുറവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുണ്ടള, മാട്ടുപ്പെട്ടി, പൊൻമുടി, ആനയിറങ്കൽ, കല്ലാർകുട്ടി, ചെങ്കുളം എന്നിവയുടേയും, തൃശ്ശൂർ ജില്ലയിലെ പൊരിങ്ങൽകുത്ത് റീസർവോയറിന്റെയും ബാത്തിമെട്രിക് സർവ്വേ കഴിഞ്ഞ വർഷം (2020) നടത്തിയിട്ടുണ്ട്. 2018 ന് മുൻപ് നടത്തിയ ബാത്തിമെട്രിക് സർവ്വേയുമായി താരതമ്യം ചെയ്യുമ്പോൾ 2018, 2019 വർഷങ്ങളിലെ പ്രളയം മൂലം സംഭരണശേഷി ഗണ്യമായി കുറഞ്ഞതായി കാണുന്നില്ല. |
| (ബി) | 2018-ൽ ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയും പൂർണമായും നീക്കാൻ സാധിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ഇല്ല. വൈദ്യുതി ബോർഡിലെ ജലസംഭരണികളിലെ എക്കലും മണലും നീക്കം ചെയ്യുന്നതിനുള്ള പൈലറ്റ് പദ്ധതിയായി കല്ലാർകുട്ടി ജലസംഭരണിയെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ DPR തയ്യാറാക്കുന്നതിനായി 17.06.2021 ൽ ഒരു കമ്മിറ്റി രൂപീകരിച്ചു. ജലസംഭരണിയിലെ മണൽ നീക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള SOPയ്ക്ക് കെ.എസ്.ഇ.ബി ഡാമുകളുടെ തനതു സ്വഭാവത്തിന് യോജിക്കുന്ന വിധത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. കല്ലാർകുട്ടി റിസർവോയറിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കൽ/ മണലിന്റെയും അളവും, ഘടനയും തിട്ടപ്പെടുത്തുന്ന പ്രവൃത്തി ചെയ്യുവാൻ NIT കോഴിക്കോടിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ലോവർപെരിയാർ ജലസംഭരണി യിലെ ചെളിനീക്കം ചെയ്യുന്ന പ്രവൃത്തി ട്രാവൻകൂർ സിമന്റ്സിനെ ഏല്പിച്ചുവെങ്കിലും, ഇതിനായി വനഭൂമി ഉപയോഗിക്കുന്നതിന് വനം വകുപ്പിൽ നിന്ന് അനുമതി ലഭിക്കാത്തതിനാൽ തുടങ്ങാനായില്ല. |

| | | | |
|---|---|---|---|
| (സി) | വൈദ്യുതി വകുപ്പിന്റെ ഡാമുകളിലെ മണ്ണും ചെളിയും നീക്കാത്തത് 2021-ലെ മഴക്കെടുതിയുടെ ആഘാതത്തിന്റെ ആക്കം കൂട്ടിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2021-ലെ മഴ/ പ്രളയക്കെടുതികൾ ഉണ്ടായ നദികളിൽ കെ. എസ്.ഇ.ബി.എൽ ന് ഡാമുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ